പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ; 3321

18-2-13 ൽ മറു പടിക്ക്

## സി-ഡിറ്റിൽ ജീവനക്കാരുടെ പ്രൊമോഷൻ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വി. ശിവൻകുട്ടി | | ശ്രീ. കെ.സി. ജോസഫ് ( ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പുമന്ത്രി) |
| എ) സി-ഡിറ്റിൽ ടെക്നിക്കൽ അഡ്മിനിസ്ട്രേഷൻ സയന്റിസ്റ്റ് എന്ന വിഭാഗത്തിലെ ജീവനക്കാർക്കുള്ള പ്രൊമോഷൻ മുടങ്ങിക്കിടക്കുന്നുണ്ടോ: | എ) & ബി) | സി-ഡിറ്റിൽ ടെക്നിക്കൽ അഡ്മിനിസ്ട്രേഷൻ സയന്റിസ്റ്റ് എന്ന ഒരു വിഭാഗം ജീവനക്കാർ ഇല്ല. എന്നാൽ സിഡിറ്റിൽ ടെക്നിക്കൽ, അഡ്മിനിസ്ട്രേഷൻ, സയന്റിസ്റ്റ് എന്നീ വിഭാഗങ്ങളിൽ ജീവനക്കാർ ഉണ്ട്. ഇതിൽ ടെക്നിക്കൽ വിഭാഗത്തിലെയും അഡ്മിനിസ്ട്രേറ്റീവ് വിഭാഗത്തിലെയും ജീവനക്കാർക്ക് പ്രൊമോഷൻ പോളിസി നിലവിൽ ഇല്ല. സി.എസ്.ഐ.ആർ പാറ്റേണിലുള്ള സയന്റിസ്റ്റുമാരുടെ സമയബന്ധിത പ്രൊമോഷനുള്ള ഒരു അപേക്ഷയും മുടങ്ങിക്കിടക്കുന്നില്ല. |
| ബി) എങ്കിൽ എന്നുമുതലാണ് എന്ന് വ്യക്തമാക്കുമോ: ആയതിന്റെ കാരണവും വിശദമാക്കുമോ: | | |
| സി) ഏതെങ്കിലും ഒരു വ്യക്തിക്കു മാത്രമായി 2013 ൽ പ്രസ്തുത വിഭാഗത്തിൽ പ്രൊമോഷൻ നൽകിയിട്ടുണ്ടോ; | സി) & ഡി) | 2006 മുതൽ 2011 വരെയുള്ള സർവ്വീസ് യോഗ്യതാകാലം പരിഗണിച്ച് ശ്രീ. കെ.എം. ഷാജഹാനെ അദ്ദേഹത്തിന്റെ അപേക്ഷയിൻമേൽ അസ്സസ്സ്മെന്റ് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സയന്റിസ്റ്റ്-ബി യിൽ നിന്നും സയന്റിസ്റ്റ് - സി യായി സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്. |
| ഡി) എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ